# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

**No.675/R3/2025/KDRB** **21.08.2026**

## <u>അറിയിപ്പ്</u>

**വിഷയം :** **കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എൽ.ഡി.ക്ലർക്ക്/സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II തസ്തികയുടെ യോഗ്യതയിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്**

**സൂചന :** **1. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എൽ.ഡി.ക്ലർക്ക്/സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് പുറപ്പെടുവിച്ച വിജ്ഞാപനം (കാറ്റഗറി നം.039/2025)**
**2. 11.09.2025 തീയതിയിലെ 278/R3/2025/KDRB നമ്പർ അറിയിപ്പ്**

01.09.2025 തീയതിയിൽ വിജ്ഞാപനം ചെയ്ത തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എൽ.ഡി.ക്ലർക്ക്/സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II തസ്തികയ്ക്ക് നിഷ്കർഷിച്ചിരിക്കുന്ന രണ്ടാമത്തെ യോഗ്യതയായ അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള കമ്പ്യൂട്ടർ വേർഡ് പ്രൊസസിംഗ് സർട്ടിഫിക്കറ്റ് എന്ന യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ/ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള മറ്റ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണെന്നും, വേർഡ് പ്രോസസിംഗ് എന്ന വിഷയം ഉൾപ്പെടുത്തി സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾ ഉൾപ്പെട്ട യോഗ്യതകളും ടി തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിന് സ്വീകാര്യമാണെന്നും സൂചന 2 അറിയിപ്പ് പ്രകാരം വ്യക്തത വരുത്തിയിരുന്നു. മേൽപ്പറഞ്ഞ യോഗ്യതകൾ പരിഗണിക്കുന്ന കാര്യത്തിൽ, ഉദ്യോഗാർത്ഥികൾ പാസ്സായിട്ടുള്ള കോഴ്സുകളിൽ 'കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ്' എന്ന വിഷയം കൂടി ഉൾപ്പെട്ടിട്ടുള്ളവയെ മാത്രമെ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എൽ.ഡി.ക്ലർക്ക്/സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള നിയമനത്തിന്റെ അംഗീകൃത യോഗ്യതയായി കണക്കാക്കുകയുള്ളൂ. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതും തെളിവ് ഹാജരാക്കേണ്ടതും തത്തുല്യ യോഗ്യത അവകാശപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ മാത്രം ഉത്തരവാദിത്തമായിരിക്കും.

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്